# ഇപ്പോൾ എല്ലാവരും സായിപ്പും മദാമ്മയുമാകുന്നു

ജസ്റ്റിസ് ഡി. ശ്രീദേവി/ യു. ഷൈജു

*മൂന്ന് പതിറ്റാണ്ടിലേറെക്കാലം നീതിന്യായരംഗത്ത് ശ്രദ്ധേയമായ പ്രവർത്തനങ്ങൾ നടത്തിയ വ്യക്തിത്വമാണ് ജസ്റ്റിസ് ഡി. ശ്രീദേവി. ഇപ്പോൾ വനിതാ കമീഷൻ അധ്യക്ഷ. സംസ്ഥാനത്തുടനീളം സ്ത്രീകളുടെ പ്രശ്നങ്ങളിൽ വിശ്രമമില്ലാതെ അവർ ഇടപെട്ടുകൊണ്ടിരിക്കുന്നു. വലിയ അനുഭവസമ്പത്തിന്റെ ഉടമയായ അവർ എഴുപതാം വയസ്സിലും കർമരംഗത്തുണ്ട്. ജസ്റ്റിസ് ശ്രീദേവിയുമായി നടത്തിയ അഭിമുഖത്തിന്റെ പ്രസക്ത ഭാഗങ്ങൾ*



**ദിനേന നിരവധി പ്രശ്നങ്ങളിൽ ഇടപെടുന്ന താങ്കൾ കേരളീയ സ്ത്രീ ജീവിതത്തെ എങ്ങനെ നോക്കിക്കാണുന്നു?**

ഇന്നത്തെ സമൂഹത്തിൽ മൂല്യങ്ങളും സ്നേഹവും ഇല്ലാതായിക്കൊണ്ടിരിക്കുന്നു. എങ്ങനെയും പണം സമ്പാദിച്ച് അപരനൊപ്പമെത്തുക എന്ന വാശിയിലാണ്. മൂല്യവും സ്നേഹവും ഇന്ന് ലൈംഗികതക്ക് വഴിമാറിക്കൊണ്ടിരിക്കുന്നു. ഇന്നത്തെ സമൂഹത്തെ കാണുമ്പോൾ എനിക്ക് തോന്നുന്നത്, രതി മാത്രമേയുള്ളൂ എന്നാണ്. രതി വർധിപ്പിച്ച് സുഖം കണ്ടെത്തുക. ഇത് പഠിപ്പിച്ചുകൊണ്ടിരിക്കുന്ന മാധ്യമങ്ങളും മനുഷ്യനെ നശിപ്പിക്കുകയാണ്. മാധ്യമങ്ങളിൽ വരുന്ന അശ്ലീലതകൾ വായിക്കുന്ന നമ്മുടെ കൊച്ചു പയ്യന്മാരെയും പെൺകുട്ടികളെയും കുറിച്ച് ഒന്നാലോചിച്ചു നോക്കുക. കുട്ടികൾ വഴി തെറ്റാൻ എളുപ്പമായ കൗമാരകാലത്ത് ഇതൊക്കെ കാണുമ്പോൾ വഴിതെറ്റുകയേ ചെയ്യൂ. ഈ സാഹചര്യത്തിലാണ് മലയാളി സ്ത്രീ കൂടുതൽ കൃത്രിമങ്ങളിലേക്ക് പോകുന്നത്. സൗന്ദര്യത്തിലും വേഷത്തിലും ആർഭാടത്തിലും കൂടുതൽ പ്രദർശനപരത കടന്നുവരുന്നു. ഇതിലൂടെ ഈ നാടിന്റെ മുഴുവൻ തനിമകളിൽനിന്നും മലയാളി സ്ത്രീ അകലുന്നു. മൂല്യങ്ങളിൽനിന്ന് മാറി പണം എന്ന ഒറ്റമൂലിയിലേക്ക് പായുകയാണ്.

**സ്ത്രീ വിമോചന ചർച്ചകൾ കൂടുതൽ സജീവമാണല്ലോ. സ്ത്രീവിമോചനം കൊണ്ട് താങ്കൾ എന്താണ് അർഥമാക്കുന്നത്?**

സ്ത്രീവിമോചനം എന്ന് പറയുന്നതിനേക്കാൾ നല്ലത് സ്ത്രീസമത്വം എന്ന് പറയുന്നതായിരിക്കും. ഇന്ന് ഏറ്റവും കൂടുതൽ പീഡിപ്പിക്കപ്പെടുന്നത് സ്ത്രീകളും കുട്ടികളുമാണ്. ഇതിനൊക്കെ പ്രധാന കാരണങ്ങളായി എനിക്ക് തോന്നുന്നത്,

സ്ത്രീധനവും മദ്യവും മയക്കുമരുന്നും അശ്ലീല സാഹിത്യങ്ങളുമാണ്. നോക്കൂ, കൈക്കൂലി വാങ്ങിയും മറ്റും അവിഹിത സമ്പാദ്യം വർധിപ്പിക്കുകയാണ്. എന്തിനാണ് ഇങ്ങനെ പണം സമ്പാദിക്കുന്നത്? ആർഭാടത്തിനായി, മക്കളെ രാജകുമാരികളെ പോലെ വളർത്താൻ. കെട്ടിച്ചയക്കുമ്പോൾ കിലോക്കണക്കിന് സ്വർണം നൽകാൻ! ഇങ്ങനെ മക്കളെ കെട്ടിച്ചയച്ചാൽ ഈ പണം മക്കൾക്ക് കിട്ടുന്നുണ്ടോ? ഇല്ല. പിന്നെയും പെണ്ണിനോട് പറയുന്നു വാങ്ങികൊണ്ടുവാ എന്ന്. കൊണ്ടുവന്നില്ലെങ്കിൽ അടിച്ച് ഇറക്കുകയാണ്. പിന്നെ തന്റെ മകൾക്ക് പീഡനമാണെന്ന് അഛൻ വിലപിക്കുന്നു. എന്റെ മുന്നിൽ വന്ന ഒരു കേസ് പറയാം. ഒരമ്മ മകളെ വിവാഹം കഴിച്ചയച്ചു. സ്ത്രീധനത്തിന്റെ ബാക്കി ഒരു ലക്ഷം കൊടുക്കാനുണ്ടായിരുന്നു. മകൾ പീഡനം സഹിക്കാതെ വന്നപ്പോൾ അമ്മയോട് കാര്യം പറഞ്ഞു. അമ്മ ഒരു മാസം അവധി പറഞ്ഞു. പക്ഷേ പിന്നെയും പീഡനം തുടർന്നതോടെ കുട്ടിയുമായി അമ്മയുടെ അനിയത്തിയുടെ വീട്ടിൽ പോയി. അവർ ഒരു മാസം കൂടി അവധി പറഞ്ഞ് മകളെയും കുഞ്ഞിനെയും വീണ്ടും ഭർത്താവിന്റെ വീട്ടിൽ കൊണ്ടാക്കി. പുലർച്ചക്ക് മൂന്ന് മണിക്ക് ഈ അമ്മക്ക് ഫോൺ ചെയ്ത് ഭർതൃവീട്ടുകാർ പറയുന്നു മകൾ തൂങ്ങിനിൽക്കുന്നു എന്ന്. ഇത് ഒറ്റപ്പെട്ട സംഭവമല്ല. എത്രയോ സംഭവങ്ങൾ നടക്കുന്നു. ശരിക്കു പറഞ്ഞാൽ ഭ്രൂണത്തിനുംപോലും രക്ഷയില്ല. പ്രണയക്കുരുക്കിൽ വീണ് ഗർഭം ധരിച്ച് വരുന്ന എത്രയോ കേസ് ഞങ്ങളുടെ മുന്നിൽ വരുന്നു. പ്രസവിച്ച കുട്ടിയെ ഇങ്ങനെ ഏറ്റെടുക്കേണ്ടിവരുന്ന എത്രയെത്ര സംഭവങ്ങൾ. എത്ര ഭ്രൂണങ്ങളാണ് ഇങ്ങനെ കൊല ചെയ്യപ്പെടുന്നത്. ചതിയിൽ പെട്ട ഈ പെൺകുട്ടികൾ ജീവിക്കാനാണ് ഇതൊക്കെ ചെയ്യുന്നത്. മൊബൈൽ ഫോൺ വന്നതോടെ ചതിക്കുഴികൾ പെരുകുകയാണ്. മകൾ എവിടെയുണ്ടെന്നറിയാനാണ് മൊബൈൽ നൽകുന്നതെന്ന് അഛനമ്മമാർ ന്യായം പറയുന്നു. എന്നാൽ താൻ ഇന്നസ്ഥലത്ത് തന്നെ ഉണ്ടെന്ന് കള്ളം പറയാനാണ് ഇതവൾ ഉപയോഗിക്കുന്നത്. ഈ ദുരുപയോഗത്തിന് മാതാപിതാക്കൾ കൂട്ടുനിൽക്കുകയല്ലേ. സ്ത്രീചർച്ചകളിൽ ഇത്തരം കാര്യങ്ങൾ കടന്നുവരണം.

**സ്ത്രീ ഇങ്ങനെയൊക്കെ പെട്ടുപോകുന്നുവെങ്കിൽ ഇവരെ ശാക്തീകരിച്ച് മുഖ്യധാരയിലേക്ക് കൊണ്ടുവരാൻ എങ്ങനെ കഴിയും?**

സ്ത്രീകൾ അവർക്ക് ലഭിക്കേണ്ടുന്ന അവകാശങ്ങളെക്കുറിച്ച് ബോധവതികളാവുകയാണ് ആദ്യം വേണ്ടത്. ഈ ബോധം വളർന്ന് അവർ സ്വയം മുന്നോട്ടുവരാൻ സന്നദ്ധരാകുമ്പോഴാണ് ശാക്തീകരണത്തിന് വഴിയൊരുങ്ങുന്നത്. ഗത്യന്തരമില്ലാതെ വരുമ്പോഴാണ് പലരും വനിതാ കമീഷന്റെ അടുക്കലേക്കോ അഭയ കേന്ദ്രങ്ങളിലേക്കോ ഓടുന്നത്. ഇതിനും സാധിക്കാത്തവളാണെങ്കിൽ ആത്മഹത്യ ചെയ്യുന്നു. സ്ത്രീ ശക്തയാണെങ്കിൽ ഒരടി കിട്ടിയാൽതന്നെ നിയമം ഉണ്ടെന്ന് കാട്ടി പ്രതികരിക്കാനാവും. എന്നാൽ നമ്മുടെ സ്ത്രീകൾ ആ തരത്തിൽ ഉയരുന്നില്ല.

സ്ത്രീധനത്തിന്റെ പേരിലാണ് പലപ്പോഴും പീഡിപ്പിക്കപ്പെടുന്നത്. ഗാർഹിക പീഡന വിരുദ്ധ നിയമം അറിയാതെ പോകുന്നതാണ് ഇവിടെ പ്രശ്നം. അത് ലംഘിച്ചാൽ ഒരു വർഷം കഠിന തടവും ഇരുപതിനായിരം രൂപ പിഴയുമാണ്. ഇത് കർശനമായി നടപ്പാക്കിക്കൊണ്ടിരിക്കുകയാണ്. സ്ത്രീ അവൾക്ക്അവകാശങ്ങൾ നൽകുന്ന നിയമങ്ങളെക്കുറിച്ച് അറിയണം. ഈ അറിവ് നേടുക എന്നതാണ് സ്ത്രീശാക്തീകരണത്തിന്റെ പ്രധാന കാര്യം. അതുകൊണ്ടാണ് വനിതാ കമീഷന്റെ നേതൃത്വത്തിൽ സ്കൂളുകളിലും കോളേജുകളിലും എന്നുവേണ്ട സ്ത്രീ ഉള്ളേടങ്ങളിലെല്ലാം ചെന്ന് ബോധവൽകരണ പരിപാടികൾ നടത്തുന്നത്.

ഒരു അഛൻ മകളെ പീഡിപ്പിച്ചു. ഒടുവിൽ പെൺകുട്ടി നെട്ടോട്ടമായി. ഒമ്പതാം ക്ലാസ്സിൽ പഠിക്കുന്ന ഇവളെ ആളുകൾ വനിതാ കമീഷനിൽ എത്തിച്ചു. ഞങ്ങൾ അവളെ പഠിപ്പിച്ചു. പത്താം ക്ലാസ്സിൽ 81 ശതമാനം മാർക്ക് വാങ്ങി. ഇന്നും അവൾ പഠിക്കുന്നു. അഛൻ കുടിച്ചു വന്നാണ് മകളെ പീഡിപ്പിക്കുന്നത്. ഇങ്ങനെയുള്ള സംഭവങ്ങൾ പോലും ഉണ്ടാകുന്നു. സ്ത്രീ സ്വയം പഠിക്കണം. പുരുഷൻ അവളുടെ സ്വാതന്ത്ര്യം വകവച്ചു നൽകണം. ഈ അർഥത്തിൽ സ്ത്രീ മാറട്ടെ. സ്ത്രീ മനസ്സിലാക്കണം, എന്നെ ആർക്കും അടിക്കാൻ അവകാശമില്ല, ഞാൻ പുരുഷന് തുല്യയാണ് എന്ന്. മാനസിക ശാക്തീകരണത്തോടൊപ്പം വൈകാരിക സാമ്പത്തിക ശാക്തീകരണവും നേടിയെടുക്കണം.

**ശാക്തീകരണ പ്രക്രിയ ബോധവൽക്കരണം കൊണ്ട് മാത്രമേ സാധിക്കൂ എന്നാണോ?**

ബോധവൽക്കരണത്തിലൂടെ മാത്രമേ ബോധ്യപ്പെടൂ. പണ്ട് വെറ്റില മുറുക്ക് നന്നായുണ്ടായിരുന്നല്ലോ. വെറ്റില ചെല്ലം ഇല്ലാത്ത വീടുണ്ടായിരുന്നില്ല. ഇന്ന് അത് കാണുന്നില്ലല്ലോ. വെറ്റിലമുറുക്ക് വൃത്തികെട്ട ശീലമാണെന്ന ബോധമാണ് ഇതിൽനിന്നും ആളുകളെ പിന്തിരിപ്പിച്ചത്. ഇന്ന് സിഗററ്റ് വലി ചെറുപ്പക്കാരിൽ കുറയുന്നു. പുകവലി ശരീരത്തിന് ഹാനികരമാണെന്ന ഈ തിരിച്ചറിവ് ബോധവൽകരണത്തിലൂടെ ഉണ്ടായതാണ്.

**നിയമബോധവൽക്കരണത്തെ കുറിച്ചു പറഞ്ഞുവല്ലോ. സ്ത്രീശാക്തീകരണത്തിന് ഈ നിയമങ്ങൾ പര്യാപ്തമാണോ?**

നിയമങ്ങൾകൊണ്ട് തന്നെയാണ് ഏറെയും പരിഹരിക്കാൻ കഴിയുക. സ്ത്രീ അടിച്ചിറക്കപ്പെടുമ്പോൾ അവൾ അത്രപെട്ടെന്ന് ഇറങ്ങാൻ തുനിയരുത്. ആദ്യം ഒരടികൊണ്ടു. പിന്നെയും തല്ലിയാൽ ഗാർഹിക പീഡന നിയമം ഉപയോഗിച്ച് നിയമത്തിന്റെ വഴിക്ക് നീതി തേടാൻ ശ്രമിക്കണം. ഏറെ അവധാനതയോടെ തന്നെയാണ് ഈ നിയമങ്ങളുണ്ടാക്കിയിട്ടുള്ളത്. പുരുഷൻ സ്വന്തം പണംകൊണ്ട് നിർമിച്ച വീട്ടിലാണ് ഭാര്യയും കുട്ടികളും പീഡനത്തിന് ഇരകളാകുന്നതെങ്കിൽ, നിയമത്തെ സമീപിച്ചാൽ പുരുഷൻ പുറത്തും സ്ത്രീ അകത്തും ആകുന്ന അവസ്ഥയാണ് ഉള്ളത്. നിയമസഹായം വഴി നീതിലഭിച്ച ഒട്ടേറെ സംഭവങ്ങൾ ഞങ്ങളുടെ മുന്നിലുണ്ട്. ശരീരമാസകലം കമ്പികൊണ്ട് മർദനമേറ്റതും മറ്റുമായ ഒത്തിരി കേസുകൾ ഞങ്ങളുടെ മുന്നിൽ വന്നിട്ടുണ്ട്. പ്രായമായാൽ അമ്മമാരെ മക്കൾ സമ്പത്തെല്ലാം കൈക്കലാക്കി പുറന്തള്ളുന്ന നിരവധി കേസുകളുണ്ട്. കേസുകളെ തുടർന്ന് കുറച്ചാളുകൾ ഞങ്ങളുടെ ഷോർട്ട്‌ടേം ഹോമിൽ താമസിക്കുന്നുണ്ട്.

നിയമങ്ങൾ സ്ത്രീകളെയും കുട്ടികളെയും രക്ഷിക്കാനുള്ളതാണ്. എന്തെല്ലാം നിയമങ്ങളാണുള്ളത്. പ്രസവാനുകൂല്യനിയമം, തൊഴിൽ നിയമം.... നിയമബോധവൽക്കരണത്തിലൂടെ സ്ത്രീ പ്രതികരണ ശേഷിയുള്ളവളാകുക. അതാണ് വേണ്ടത്.

**ഫെമിനിസ്റ്റ് ചിന്താഗതികൾ പാശ്ചാത്യ സംസ്കാരം ഇറക്കുമതി ചെയ്യുകയാണെന്ന വാദം ശരിയാണോ?**

ശരിയാണ്. പാശ്ചാത്യ സംസ്കാരത്തിന്റെ സ്വാധീനം വളരെ പ്രകടമാണ്. ഇവിടെ കുറെ ബ്യൂട്ടീഷൻമാർ ഇറങ്ങിയിട്ടുണ്ട്. ഇവർ കേരളത്തിന്റെ തനതായ സൗന്ദര്യബോധം ഇല്ലാതാക്കി പുതിയ കോലങ്ങൾ കെട്ടിയെടുക്കുകയാണ്. സായിപ്പിന്റെ മാതിരി തലമുടി എണ്ണതേക്കാതെ പറത്തിപ്പാറിച്ച്, ആകെ കോലം കെടുന്നു. കഴിഞ്ഞദി

വസം ഞാനൊരു കല്യാണവീട്ടിൽ ചെന്നു. അവിടെ പുതുപെണ്ണ് കുറെ മുടി കണ്ണിലൂടെ ഇട്ടിരിക്കുന്നു. ഇതാണത്രെ ഇപ്പോഴത്തെ മോഡൽ. ഈ പെണ്ണാണെങ്കിൽ മുടി കണ്ണിൽ വീഴാതിരിക്കാൻ തല തലങ്ങും വിലങ്ങും ചലിപ്പിച്ചുകൊണ്ടിരുന്നു. ഇതുകണ്ടപ്പോൾ എനിക്ക് തോന്നി, ഈ പെണ്ണിന് ഞരമ്പ് ഉളുക്കി തലക്ക് വല്ല അസുഖവും വരുമെന്ന്. ഒരു വൃത്തികെട്ട സംസ്കാരം ഏറ്റെടുക്കുന്ന നമ്മൾ എന്തുകൊണ്ടാണ് സായിപ്പിന്റെയും മദാമ്മയുടെയും നന്മകളെ കാണാത്തത്. അവരാണെങ്കിൽ എല്ലാ പണിയും ചെയ്യും. കക്കൂസ് പണി മുതൽ അടുക്കള പണി വരെ. എന്താ നമുക്കിവിടെ ജോലിചെയ്യുന്നതിൽ ജാള്യമുണ്ടാകുന്നത്? ഫാഷൻ ചാനലിൽവരുന്ന പെണ്ണുങ്ങളെ കണ്ടാൽ പേടിയാകും. കണ്ണിൽ മുഴുവൻ കരിതേച്ച് മനുഷ്യനെ പേടിപ്പിക്കുകയാണ്. ഇതുകണ്ടിട്ട് നമ്മുടെ പെണ്ണുങ്ങൾ ശരീര ഭാഗങ്ങൾ പുറത്തുകാണിച്ച് അൽപവസ്ത്ര ധാരികളാകുന്നു. ഇതിലൂടെ കാമം മാത്രമാണ് ലോകത്ത് ആവശ്യം എന്ന് വിളിച്ചുപറയുകയാണ്.

ജീവിതം അപ്പാടെ മുതലാളിത്ത രീതി പിന്തുടരുന്നു. സ്വർണം കണ്ടാൽ എല്ലാം മറന്ന് വീണുപോകുന്ന പെണ്ണ്. എന്തിനാണിത്ര സ്വർണം? സ്ത്രീക്ക് അവളുടെ ആഭരണം വിദ്യാഭ്യാസവും അറിവുമാകണം. അന്ധമായ അനുകരണങ്ങളുടെ മറ്റൊരു വികൃതരൂപമല്ല സ്ത്രീ. ഇതവൾ മനസ്സിലാക്കണം.

**ഇവിടെയുള്ള ജാതിഘടനയിലും സ്ത്രീ തന്നെയാണല്ലോ പീഡനത്തിന്റെ പ്രധാന ഇര?**

മനുഷ്യർ അവരവരുടെ ജാതികളിലേക്ക് ചുരുങ്ങുകയാണ്. മതത്തിന്റെ നന്മയും ധാർമിക വശങ്ങളും എറിഞ്ഞുടക്കുന്നു. യഥാർഥ ഭക്തർക്ക് തെറ്റ് ചെയ്യാനാകില്ല. എന്നാൽ മനുഷ്യൻ നന്മകളെ ശരിയാംവണ്ണം ഉൾക്കൊള്ളാൻ ശ്രമിക്കുന്നില്ല. എല്ലാ മതങ്ങളും മനുഷ്യനന്മക്ക് വേണ്ടിയാണ്. എന്നാൽ പണത്തിന് മുന്നിൽ മതവും ജാതിയും മനുഷ്യൻ കളഞ്ഞു കുളിക്കുന്നു. ഇതുകൊണ്ടാണ് ജാതിഘടനയിൽ സ്ത്രീ ഇരയാക്കപ്പെടുന്നത്.

**കേരളത്തിൽതന്നെയല്ലേ സമര സാന്നിധ്യമായി സ്ത്രീകൾ മുന്നോട്ടുവരുന്നതും?**

ഇത് പ്രതീക്ഷക്ക് വകനൽകുന്നു. എന്നാൽ അവർ കുറച്ചു പേർ മാത്രമാണ്. സ്വന്തത്തെകുറിച്ച ബോധവും നമ്മെ മറ്റുള്ളവർ ചൂഷണം ചെയ്യുന്നു എന്ന തിരിച്ചറിവും ഉണ്ടായാൽ സ്ത്രീകൾ കൂടുതലായി രംഗത്തിറങ്ങും. സ്ത്രീയെപോലെ ക്ഷമയും സഹനവും പുരുഷന് കഴിയില്ലല്ലോ. ഇത് അവളുടെ കരുത്താണ്. ഇന്ന് സ്ത്രീകൾ സംരക്ഷണ ഉത്തരവുകൾ വാങ്ങുന്നു. വിവാഹ മോചനം വാങ്ങുന്നു. ചെലവിന് ലഭിക്കുന്നതിന് നിയമത്തെ സമീപിക്കുന്നു. ഹിന്ദുക്കളിലും ക്രിസ്ത്യാനികളിലും രണ്ടാം കല്യാണം കഴിച്ചാൽ അവനെതിരിൽ നടപടിയെടുക്കാൻ സ്ത്രീകൾ പഠിച്ചു. സത്രീയെ അടിച്ചമർത്താനും തരംതാഴ്ത്താനും ആരും ശ്രമിക്കണ്ട. ഇന്ന് അവളും സ്ത്രീ സംഘടനകളും ശക്തമായി രംഗത്തുവരുന്നുണ്ട്. കഴിഞ്ഞവർഷം തന്നെ 6400 പരാതികൾ വന്നു.

**കേരളത്തിൽ വിവിധ മത രാഷ്ട്രീയ വനിതാ സംഘടനകളടക്കം അനേകം സംഘടനകൾ പ്രവർത്തിക്കുന്നു. ഇത് പെണ്ണിന് ഗുണം ചെയ്യുന്നില്ലേ?**

സംഘടനകളാണല്ലോ സജീവപ്രശ്നങ്ങൾ ഞങ്ങൾക്കു മുന്നിൽപോലും എത്തിക്കുന്നത്. തിരുവനന്തപുരത്ത് ആറ്റുകാൽ ഭാഗത്ത് പവർകട്ട് സമയത്ത് ഒരമ്മയെ റോഡിൽ കൊണ്ടു കളഞ്ഞിട്ട് പോയി. ഉടൻ സംഘടനകൾ പാഞ്ഞെത്തുകയായിരുന്നു. തിരുവനന്തപുരത്ത് തന്നെ മറ്റൊരു സംഭവം. എം.എ., എം.ഫിൽ, സെറ്റ് പാസ്സായ

ഒരു പെൺകുട്ടി സ്ത്രീധനത്തിനെതിരിൽ സംസാരിച്ചതിന് പീഡനമേൽക്കേണ്ടി വന്നു. വലതുകൈയിലെ ഒരു വിരൽ ഒടിച്ചു. മാത്രമല്ല ഇവളെ നിർബന്ധിച്ച് മാനസിക രോഗാശുപത്രിയിൽ കൊണ്ടുവന്നു. ഇവളുടെ ഒരു സുഹൃത്ത് വഴി കേരളത്തിലെ ഒരു വനിതാ സംഘടന ഇടപെട്ട് ആശുപത്രിയിൽനിന്ന് മോചിപ്പിച്ചു ഞങ്ങളുടെ അടുത്ത് കൊണ്ടുവന്നു. ഞങ്ങൾ അവളെ സുരക്ഷിതമായ മറ്റൊരിടത്തേക്ക് മാറ്റി. ഇന്നവൾ പി.എസ്.സി വഴി ഹയർസെക്കന്ററി അധ്യാപികയായി ആലപ്പുഴയിൽ ജോലി ചെയ്യുന്നു. ഇങ്ങനെ സംഘടനകൾ ഇടപെടുമ്പോൾ സ്ത്രീക്ക് കൂടുതൽ സുരക്ഷിത ബോധം ഉണ്ടാകും. സ്ത്രീയുടെ നന്മക്കും രക്ഷക്കുമാകണം സ്ത്രീസംഘടനകൾ മുന്നോട്ടു വരേണ്ടത്.

രാഷ്ട്രീയ തിമിരം ബാധിച്ച സംഘടനകളും ഇവിടെയുണ്ട്. സ്വന്തം പാർട്ടിക്കാരാണ് പ്രതികളെന്നു വരുമ്പോൾ ഇവരുടെ മട്ട് മാറുന്നു. ഒരു പരിപാടിയിലേക്ക് ക്ഷണിച്ചാൽ തന്നെ അവരുടെ രാഷ്ട്രീയം നോക്കുകയാണ് ചെയ്യുന്നത്. എന്നോട് തന്നെ പലതവണ ചോദിച്ചിട്ടുണ്ട്. ജമാഅത്തെ ഇസ്‌ലാമിക്കാർ ക്ഷണിച്ച് കുവൈറ്റിൽ ചെന്നപ്പോൾ ഒരു മാധ്യമപ്രവർത്തകൻ എന്നോടു ചോദിച്ചു, താങ്കളെ പോലെയുള്ള ഒരാൾ മതസംഘടനയുടെ പരിപാടിക്ക് എന്തിനാണ് വന്നത് എന്ന്. ഞാൻ പറഞ്ഞു, ഞാൻ മതപ്രസംഗത്തിന് വന്നതല്ല. ഞാൻ സ്ത്രീകളുടെ അവകാശങ്ങളെക്കുറിച്ച് സംസാരിക്കാനാണ് വന്നത്. ഞാൻ ഏതു കക്ഷി വിളിച്ചാലും രാഷ്ട്രീയവും മതവും നോക്കാതെ പങ്കെടുക്കും. ഞാൻ ചോദിക്കട്ടെ, സ്ത്രീകളുടെ പ്രശ്നത്തിന് രാഷ്ട്രീയമുണ്ടോ? പാർട്ടിയുണ്ടോ? എല്ലാവരും പറയും മതത്തിനും രാഷ്ട്രീയത്തിനും അതീതമായാണ് പ്രവർത്തിക്കുന്നതെന്ന്. എന്നാൽ അക്കാര്യത്തിൽ എല്ലാവർക്കും ഉറച്ചുനിൽക്കാൻ കഴിയില്ല. വനിതാ സംഘടനകൾ മത-രാഷ്ട്രീയത്തിന് അതീതമായി നിൽക്കണം. എന്നാൽ മാത്രമേ സ്ത്രീ പ്രശ്നങ്ങളിൽ ഗൗരവമായ ഇടപെടലിന് സാധിക്കൂ.

**പാർലമെന്റ് സ്ത്രീകൾക്ക് വാഗ്ദാനം ചെയ്ത സംവരണം നേടിയെടുക്കാൻ പോലും സ്ത്രീസംഘടനകൾ അശക്തമാവുകയല്ലേ ചെയ്യുന്നത്?**

ഇതിനെ പലരുംചേർന്ന് തുരങ്കം വെക്കുകയാണ്. കോൺഗ്രസും ബി.ജെ.പിയും അനുകൂലമാണ് എന്ന് പറഞ്ഞിട്ടും എന്തുകൊണ്ടാണ് ഇത് പാസാകാത്തത്? ഇക്കാര്യത്തിൽ എനിക്ക് വലിയ പ്രതീക്ഷയൊന്നുമില്ല. ഇപ്പോൾ കോൺഗ്രസിന് ഭൂരിപക്ഷമുണ്ട്. പാസാക്കിക്കൂടെ? എല്ലാവരും ഇങ്ങനെ തട്ടിക്കളിക്കുകയാണ്. കേരളത്തിൽ പ്രാദേശിക തലത്തിൽ 50 ശതമാനം സംവരണം വരുന്നു. ഇതിന് മുമ്പ് അനുവദിച്ച സംവരണത്തിലൂടെ എത്ര സ്ത്രീകളാണ് മുന്നോട്ടു വന്നത്. അതുകൊണ്ട് സ്ത്രീക്ക് അവസരം കൊടുക്കണം. അവൾക്ക് അവസരം ലഭിച്ചാൽ നന്നായി ശോഭിക്കും. അസൂയ മൂത്ത പുരുഷ സമൂഹം സ്ത്രീക്ക് ടിക്കറ്റ് നൽകില്ല. അവളുടെ അവസരത്തെ തടസ്സപ്പെടുത്തുകയാണ്. സംവരണം ഉണ്ടെങ്കിൽ മാത്രമാണ് സ്ത്രീക്ക് കൂടുതൽ അവസരങ്ങൾ ലഭിക്കുക.

**സ്ത്രീകളെ ഭരണരംഗത്ത് കാഴ്ചക്കാരാക്കി പുരുഷൻ ഭരണനേതൃത്വം കൈയാളുന്നു എന്നു പറഞ്ഞാൽ?**

തിരുവനന്തപുരം കരകുളം പഞ്ചായത്തിൽ പ്രീതി എന്ന ഒരു വനിതാ പഞ്ചായത്ത് മെമ്പർ ഉണ്ട്. അവൾ എത്ര അവാർഡ് വാങ്ങിയതെന്നറിയുമോ? ഞങ്ങളുടെ മന്ത്രിയെനോക്ക്; ശ്രീമതി ടീച്ചർ. അവരാണ് ഞങ്ങളുടെ വകുപ്പുമന്ത്രി. ഇന്ന് കേരളത്തിലെ മെഡിക്കൽ കോളേജുകൾ നോക്കൂ, എത്ര ഭംഗിയാക്കിക്കൊണ്ടിരിക്കുന്നു. ഞാൻ

സംസ്ഥാനത്തെ വിവിധ മെഡിക്കൽ കോളേജുകളിൽ പോയി. അവിടെയൊക്കെ വന്ന മാറ്റം വളരെ വലുതാണ്. ഞാൻ രാഷ്ട്രീയം പറയുകയല്ല. ഞാൻ അങ്ങനെ പറയുകയുമില്ല. പക്ഷേ ചെയ്തകാര്യം, അത് നല്ലതാണെങ്കിൽ അംഗീകരിക്കണം. അത്രമാത്രം.

സ്ത്രീഭരണത്തിന്റെ എത്രയോ നല്ല ഉദാഹരണങ്ങൾ നമ്മുടെ സംസ്ഥാനത്ത് തന്നെ കാണാൻ കഴിയും. അതുകൊണ്ട് ഞാൻ പറയുന്നു, അവൾക്ക് അവസരം കൊടുക്കൂ.

**സ്ത്രീ സമൂഹത്തെ അരക്ഷിതമാക്കുന്നതിൽ മാധ്യമങ്ങൾക്കും പങ്കില്ലേ?**

മാധ്യമങ്ങളാണ് പെണ്ണിനെ കൂടുതൽ ചീത്തയാക്കിക്കൊണ്ടിരിക്കുന്നത്. ഇക്കിളി പരസ്യങ്ങൾ നൽകുക വഴി കുരുന്നുകളെ വഴിതെറ്റിക്കുന്നു. ഇതിനുവേണ്ടി മാത്രം പ്രത്യേക മാഗസിനുകൾ പുറത്തിറങ്ങുന്നു. ഒരു സംഭവം പറയാം. 29 വയസ് കഴിഞ്ഞ ഒരു യുവാവ് വിവാഹം കഴിഞ്ഞ് മൂന്നാം ദിവസം മുതൽ ഭാര്യയെ തല്ലാൻ തുടങ്ങി. കാരണം ഇവൻ മുസ്‌ലി പവർ എക്സ്ട്ര കഴിച്ചതാണ്. അവൾ അടികൊണ്ട് ഓടി വന്ന് ചോദിക്കുന്നു, ഇതിനാണോ ഇത് കഴിക്കുന്നതെന്ന്. ഇങ്ങനെയും പരസ്യങ്ങൾ നൽകുന്നതിൽ മാധ്യമങ്ങൾ പണം മാത്രം മാനദണ്ഡമാക്കുകയാണ്.

ഒരു സ്ത്രീപ്രശ്നം കിട്ടിയാൽ അത് അനാവശ്യമായി പർവതീകരിച്ചു കാണിക്കുകയാണ് മാധ്യമങ്ങൾ ചെയ്യുന്നത്. എനിക്ക് മാധ്യമങ്ങളോട് വിദ്വേഷമൊന്നുമില്ല പക്ഷേ കാര്യങ്ങൾ പറയണമല്ലോ. മാധ്യമങ്ങൾ ഇല്ലാത്ത കഥകൾ എഴുതിപ്പിടിപ്പിക്കുന്നു. ഇതൊരു പ്രശ്നം തന്നെയാണ്. കേസുകളുടെ രഹസ്യ സ്വഭാവം പോലും നഷ്ടപ്പെടുത്തുന്നു. സുപ്രീംകോടതി ജഡ്ജ്മെന്റ് പോലും തെറ്റായി മാധ്യമങ്ങളിൽ വന്നിട്ടുണ്ട്. ഇങ്ങനെ എത്രകാര്യങ്ങളാണ് മുൻപിൻ നോക്കാതെ എഴുതിപ്പിടിപ്പിക്കുന്നത്. ഇത് ജനങ്ങൾക്കിടയിൽ തെറ്റിദ്ധാരണ വളർത്തുകയാണ് ചെയ്യുന്നത്.

**സിസ്റ്റർ സെഫിയും സൂഫിയ മഅ്ദനിയും അറസ്റ്റ് ചെയ്യപ്പെട്ടപ്പോൾ മനുഷ്യാവകാശ സംബന്ധിയായ ആവലാതികൾ ഉയർന്നിരുന്നു. ഇതേക്കുറിച്ച്.**

കോടതി കുറ്റവാളിയെന്ന് വിധിയെഴുതുന്ന നിമിഷം വരെ അറസ്റ്റ് ചെയ്യപ്പെട്ടയാൾ നിരപരാധിയാണ്. അറസ്റ്റിന്റെ പേരിൽ ഒരാളെയും കുറ്റപ്പെടുത്താനും അപവാദം പറയാനും പാടില്ല. അത് കർശനമായും പാലിക്കപ്പെടേണ്ടതാണ്. ഇത്തരം സംഭവങ്ങളിൽ ആരു അതിരുവിട്ടാലും നിയന്ത്രിക്കണം. നിരപരാധിയെ എന്തിനാ നമ്മൾ മാനസികമായി പീഡിപ്പിക്കുന്നത്. ആദ്യം കുറ്റം തെളിയട്ടെ. എന്നിട്ടാവാം നടപടികൾ.

**സംസ്ഥാനത്ത് ഒട്ടേറെ സ്ത്രീപീഡന-വാണിഭ കേസുകൾ ഉണ്ടായിട്ടുണ്ട്. ആദ്യമൊക്കെ ഇടപെടുന്നു എന്ന് തോന്നും. പിന്നീട് പെട്ടെന്ന് അതെല്ലാം അപ്രത്യക്ഷമാകുന്നു. എന്താണ് കാരണം?**

പല കേസുകളും സർക്കാർ നേരിട്ട് ഏറ്റെടുത്തു കഴിഞ്ഞാൽ ഞങ്ങൾക്കു പിന്നെ പങ്കില്ല. ശാരി, അനഘ കേസുകളായാലും ഏതു കേസുകളായിരുന്നാലും സർക്കാരുകളാണ് നോക്കുന്നത്. ശാരി എസ്. നായർ കേസിൽ ശാരി ഏറെ ഗുരുതരാവസ്ഥയിലായിരുന്നു എന്ന് അന്നത്തെ വനിതാ കമീഷൻ റിപ്പോർട്ട് നൽകിയതാണ്. പക്ഷേ എന്താണുണ്ടായത് എന്ന് നിങ്ങൾ കണ്ടതല്ലേ. എല്ലാ കേസുകളിലും രാഷ്ട്രീയ ഭരണ സമ്മർദങ്ങൾ ഉണ്ടാകുന്നു. വനിതാ കമീഷനായാലും പോലീസിനായാലും കേസുകൾ സ്വതന്ത്രമായി നൽകണം. ആരും കൈകടത്താൻ പാടില്ല. എന്നാൽ മാത്രമേ ഏതുവകുപ്പിനും ശരിയാംവണ്ണം പ്രവർത്തിക്കാൻ കഴിയൂ. പണത്തിന്റെ സമ്മർദവും

ഭീഷണിയും വേറെയുമുണ്ട്.

**ഈ തിരക്കിനിടയിൽ താങ്കൾ ഇസ്‌ലാമിനെ വായിക്കാൻ ശ്രമിച്ചിട്ടുണ്ടോ?**

തീർച്ചയായും ഒരുപാട് വായിക്കുന്നുണ്ട്. പെണ്ണിനെ ഇണയായി കാണുന്ന കാഴ്ചപ്പാടാണ് ഇസ്‌ലാമിൽ എന്നെ ഏറെ സ്വാധീനിച്ചത്. മറ്റു മതങ്ങൾ ഭർത്താവിന്റെ അടിമയായാണ് ഭാര്യയെ ഗണിച്ചിരിക്കുന്നത്. സ്ത്രീയും പുരുഷനും ഇണയായി തന്നെ ജീവിക്കേണ്ടവരാണ്. ഇസ്‌ലാമിനെ ഇന്ന് ഏറെ തെറ്റിദ്ധരിപ്പിക്കുന്നത് അതിന്റെ അനുയായികൾ തന്നെയാണ്. ബഹുഭാര്യാത്വത്തെ ഏറെ തെറ്റായി വ്യാഖ്യാനിച്ച് ദുരുപയോഗിക്കുന്നു. പണ്ഡിതന്മാർ തന്നെ ഇതിനെ തെറ്റായി വ്യാഖ്യാനിക്കുന്നു. പിന്നെ മുഹമ്മദൻ ലോയിൽ പറയുന്ന പിന്തുടർച്ചാവകാശ നിയമം ഏറെ സങ്കീർണമാണ്. ഇത് പഠിക്കാൻ തന്നെ പ്രയാസമാണ്. ഇതിൽ ഭരണഘടനാ വിരുദ്ധതയുണ്ട്. ഇത് ഭരണഘടനാപരമായി തന്നെ പരിഷ്കരിക്കണം.

**രാഷ്ട്രീയ-മത സംഘടനകളിൽ നിന്ന് സ്ത്രീകളെ അകറ്റുന്നു എന്നുപറയുന്ന കാലത്ത് ജമാഅത്തെ ഇസ്‌ലാമി സ്ത്രീകൾക്ക് സംഘടനയിൽ ഭാരവാഹിത്വം ഉൾപ്പെടെ നൽകുന്നത് ശ്രദ്ധിച്ചിട്ടുണ്ടോ?**

ഉണ്ട്. ജമാഅത്തെ ഇസ്‌ലാമി സംസ്ഥാന സെക്രട്ടറി കെ.കെ ഫാത്വിമ സുഹ്റയെ എനിക്കറിയും. അവർ എന്റെ കഴിഞ്ഞ വിദേശ യാത്രയിൽ കൂടെയുണ്ടായിരുന്നു. ഇത് നല്ല സംഘടനയാണ്. വിദേശത്ത് നടന്ന പരിപാടി ഏറെ മനോഹരമായിരുന്നു. കുടുംബിനികളായ, വിദ്യാഭ്യാസമുള്ള മിടുക്കികളായ സ്ത്രീകളെ എനിക്ക് അവിടെ കാണാൻ കഴിഞ്ഞു. കേരളത്തിലും ഇവർ മോശമല്ല. മൂന്ന് വർഷം മുമ്പ് കോഴിക്കോട് മുതലക്കുളം മൈതാനിയിൽ നടന്ന സമ്മേളനത്തിൽ പങ്കെടുത്തിരുന്നു. ഞാൻ അതിശയിച്ചുപോയി. സ്ത്രീകൾ എത്ര സംഘടിതമായിട്ടാണ് അവിടെ വന്നത്. സ്ത്രീകളുടെ അവകാശങ്ങളെക്കുറിച്ച് എത്ര നന്നായി അവർ സംസാരിക്കുന്നു. കേരളത്തിൽ മറ്റൊരു ജാതിക്കാരുടെ ഇടയിലും ഇത്തരത്തിൽ ഒരു പ്രവർത്തനം ഇല്ല.

**സ്ത്രീകൾക്ക് സ്ത്രീകൾ നടത്തുന്ന സമ്മേളനമാണ് ജമാഅത്തെ ഇസ്‌ലാമി സംഘടിപ്പിക്കുന്നത്. ഈ ചുവടുവെപ്പിനെ എങ്ങനെ കാണുന്നു?**

ഇതൊരു വിപ്ലവകരമായ നീക്കമാണ്. സ്ത്രീക്ക് പുരുഷനോടൊപ്പം പ്രവർത്തിക്കാൻ കഴിയുന്ന നല്ല കാൽവെപ്പാണ്. സ്ത്രീകൾ ഇങ്ങനെ ഉണരട്ടെ. ഇതിനെ അഭിനന്ദിക്കാതിരിക്കാൻ കഴിയില്ല. ഞാൻ കരുതിയത് മുസ്‌ലിം സ്ത്രീകൾ എല്ലാം വീടിനകത്ത് അടച്ചിരിക്കും എന്നാണ്. മുസ്‌ലിംസ്ത്രീകൾ മാത്രമല്ല എല്ലാ വിഭാഗത്തിലുമുള്ള സ്ത്രീകൾ സംഘടിച്ച് മുന്നോട്ടു വരണം. എന്നാൽ മാത്രമാണ് സ്ത്രീ വിമോചനം സാധ്യമാവുക. ■

ushaiju@gmail.com
9496330739